CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# Our Liturgical Music Traditions

# നമ്മുടെ ആരാധനക്രമ ഗാന പാരമ്പര്യം

By

Fr. Amos CMI

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

Letter to the Editor Carmela Sandhesam Dec 1991

**(Cover image Re-designed)**

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# നമ്മുടെ ആരാധനക്രമ ഗാന പാരമ്പര്യം

പരമ്പരാഗതമായി സി. എം.ഐ. സഭയിൽ പാടി വരുന്ന രീതികളാണ് സുറിയാനി പാട്ടുകളുടെ കലർപ്പില്ലാത്ത രീതികളെന്നു നമ്മുടെ സഭാംഗങ്ങൾ തന്നെ ബോധവാന്മാരാകേണ്ടിയിരിക്കുന്നു. സഹദേബ്രീകേ, ബ്രിയ്യൂഹന്നാനാ, എറവർമായ്യുമാർ മൽക്കാ, എസ്തപ്പാനോസ്, മാറൻ ആസേ, സഹദേ വൈത്തോൻ, അൽമദൂ ബഹ്കുദശാ, തുടങ്ങിയ രീതികളിൽ പരമ്പരാഗതമായ രീതിയിൽനിന്ന് മാററങ്ങൾ വരുന്നുണ്ട്. മായം ചേർന്ന രീതികളാണ് ഇന്ന് കാസററുകളിൽ പ്രചരിപ്പിക്കുന്നതും ജനങ്ങൾ ഇപ്പോൾ കുർബാനയുടെ പാട്ടുകൾ പാടുന്നതും.

കലർപ്പില്ലാത്ത സുറിയാനി രീതികൾ നമ്മുടെ പരിശീലന കേന്ദ്രങ്ങളിൽ പഠിപ്പിക്കുന്നതിനും ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും ബന്ധപ്പെട്ടവർ നടപടികൾ എടുത്തതു് സമുചിതമായിരിക്കും.

പരേതനായ ബ. അമോസച്ചൻ 24-4-87—ൽ ബ. അലക്സാണ്ടർ കട്ടക്കയമച്ചനു് അയച്ച ഒരു കത്തു് പ്രസക്തമായി തോന്നുകയാൽ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു.

പത്രാധിപർ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

J.M.J

ഭാരതമാതാ ആശ്രമം
പാലക്കാട്
22-4-87

പ്രിയ ബ. കൊച്ചുചാണ്ടിയച്ചാ,

6-4-87 ൽ എഴുതിയ എഴുത്തു 8-4-87 ൽ കിട്ടി. വളരെ ഉപകാരം.

ജർമ്മനിയിലെ 4 പഴയ യൂണിവേഴ്സിററികളിൽ ഒന്നായ Butterberg യൂണിവേഴ്സിററിയിലെ Musiology പ്രൊഫസറായ Dr.Housmann നമ്മുടെ കർത്താവിൻെറ സുറിയാനി പാട്ടുകളുടെ സ്വരം കിട്ടുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി ബീറൂട്ടിൽ



www.TheCMSIndia.org

പോയി അവിടത്തെ മെത്രാപ്പോലീത്തായെ കണ്ടു. ബീറൂട്ട് രണ്ടു മൂന്നു ഗ്രാമങ്ങളിൽ സുറിയാനി ഇപ്പോഴും സംസാരഭാഷയാണെന്നു പറയുന്നു. ബീറൂട്ട് മെത്രാപ്പോലീത്താ Dr. Housmann-നോടു പറഞ്ഞു. ഞങ്ങളുടെ സുറിയാനിഭാഷയിൽ അറബി മുഹമ്മദീയ-യഹൂദ മിശ്രജീവിതം കൊണ്ടു പാട്ടുകളിലും,നടപടികളിലും പല മുഹമ്മദീയ രീതികളും സമിശ്രമായി വന്നുപോയിട്ടുണ്ട്. ആകയാൽ ഞങ്ങളിൽ നിന്നു സുറിയാനി പാട്ടുകളുടെ Prestine purity കിട്ടുകയില്ല. കേരളത്തിൽ മാത്രമാണു പഴയ സുറിയാനി രീതികൾ പാടിക്കൊണ്ടിരിക്കുന്നത്. Dr.Housmann കേരളത്തിൽ ചെന്ന് കമ്മലീത്ത സഭാ ജനറാളായിരിക്കുന്ന പെ.ബ.മാവുരൂസച്ചനെ കാണുക. അദ്ദേഹം അതിനുള്ള എല്ലാ സൗകര്യവും ചെയ്തുതരും. ഇടവകവൈദികരെ സമീപിക്കരുത്. ഇടവകവൈദികർ എല്ലായ്പ്പോഴും പഴയ രീതികൾ പരിഷ്ക്കരിക്കുന്നവരാണ്. ചെറുപ്പക്കാരായ വൈദികരുടെ പക്കലും പോകരുത്. സുറിയാനിപാട്ടുകളുടെ Prestine purify കിട്ടുകയില്ല.

Dr.Housmann പെ.ബ. മാവുരൂസച്ചന്റെ Card-കൊണ്ടു എറണാകുളത്തു വന്നു. ബ.മാവുരൂസച്ചൻ ബാംഗളൂക്കു പോയിരിക്കയായിരുന്നു. ഒന്നാം ദഫ്നിത്തോർ പെ.ബ.അബ്രാഹമച്ചനും ഞങ്ങളും Dr. Housmannനോട് ആലുവാസെമ്മിനാരിയിലേക്കു പോകുവാൻ പറഞ്ഞു. അദ്ദേഹത്തിനു ഇഷ്ടമായില്ല. അമ്പഴക്കാട്ടു നമ്മുടെ നൊവിസ്യാത്തിൽ ചെല്ലുവാൻ പറഞ്ഞു. ധർമ്മാരാമിൽ 10-300 പേർ ഒരുമിച്ചു പാടുന്ന സ്ഥലമാണെന്ന്. അതും അദ്ദേഹത്തിനു ഇഷ്ടപ്പെട്ടില്ല. കാരണം ചെറുപ്പക്കാർ, സന്യാസികളായാലും Innovations ഉണ്ടാക്കുന്നവരാണ്.

വയസ്സന്മാർ ആരെങ്കിലുമുണ്ടോ എന്നു Dr.Housmann. ചോദിച്ചു ഇവിടെ ഒരു ആമോസച്ചനുണ്ട്. Innovation ഇഷ്ടപ്പെടുന്ന ആളല്ല. എന്റെ പാട്ടു പാടി കേട്ടു; അദ്ദേഹത്തിന് ഇഷ്ടമായി.

നമ്മുടെ ആഴ്ചപ്പടി നമസ്കാരത്തിന്റെ പാട്ടുകൾ മുഴുവനും പിറവിയുടെയും, മാതാവിന്റെ പെരുന്നാൾപ്പടി പാട്ടുകളും അദ്ദേഹം Tape Record-ൽ എന്നെക്കൊണ്ടു പാടിച്ചു. 35 ദിവസം എറണാകുളത്ത് ഞങ്ങളുടെ കൂടെ താമസിച്ചു. അപ്പോഴേക്കും പെ.ബ. മാവുരൂസച്ചൻവന്നു.

ഇതാണു സംഭവം. ഇടവക വൈദികരുടെ കൂട്ട നമസ്കാരം ഞാൻ St.Berchmans-ൽ വെച്ചു കേട്ടിട്ടുണ്ട്. എറണാകുളത്തു Petty സെമിനാരിയിൽ വെച്ചു കേട്ടിട്ടുണ്ട്. തൃശ്ശൂർ തോപ്പിൽ വെച്ചു അവരുടെ ആണ്ടുമുഴുവൻ ധ്യാനത്തിനു കേട്ടിട്ടുണ്ട്. ഭക്തി ജനകമായി എനിക്കു തോന്നിയിട്ടില്ല.

താമസിച്ചതിൽ ക്ഷമിക്കണം,

Fr. Amos CMI

എളിയ സഹോദരൻ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART